കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാമ്പാടി ഗ്രാമന്യായാലയത്തിനു അധിക സ്ഥലസൗകര്യം അനുവദിക്കുന്നത്- ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള രണ്ടു മുറികൾ കൂടി ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹൈക്കോടതി രജിസ്ട്രാർക്ക് വിട്ടുനൽകി ഉത്തരവാകുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) 3201/16/തസ്വഭവ** **തിരുവനന്തപുരം, തീയതി,24.11.2016**

=====================================================================

പരാമർശം:
1. സ.ഉ.(കൈ)86/2011/ആഭ്യന്തരം തീയതി 01.03.2011
2. സ.ഉ.(സാധാ) 3016/2014/തസ്വഭവ തീയതി 20.11.2014
3. ഗ്രാമവികസന കമ്മീഷണറുടെ 03.11.2016 ലെ 4902/ജെ.ആർ.വൈ.2/2013/സിആർഡി(1) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം അനുമതി നൽകിയ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള എട്ട് ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥത ഗ്രാമവികസന വകുപ്പിൽ നിലനിർത്തി ഗ്രാമന്യായാലയങ്ങൾ തുടങ്ങുന്നതിന് ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമന്യായാലയം പ്രവർത്തിപ്പിക്കുന്നതിന് വിട്ടു നൽകിയ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടത്തിന് മതിയായ സൗകര്യം ഇല്ലാത്തതിനാൽ ആവശ്യമായ സൗകര്യം ഏർപ്പെടുത്തണമെന്ന് കോട്ടയം ജില്ലാ ജഡ്ജി, പാമ്പാടി ന്യായാധികാരി എന്നിവർ ആവശ്യപ്പെട്ടതിൻ പ്രകാരം പാമ്പാടി ഗ്രാമന്യായാലയത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന പട്ടികജാതി വികസന ഓഫീസും വ്യവസായ വികസന ഓഫീസും പ്രവർത്തിക്കുന്ന മുറികൾ കൂടി ഗ്രാമന്യായാലയത്തിനു വിട്ടു നൽകാനുള്ള ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം ഗ്രാമവികസന കമ്മീഷണർ പരാമർശം(3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, പാമ്പാടി ഗ്രാമന്യായാലയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫിസ്, വ്യവസായ വികസന ഓഫിസ് എന്നിവ പ്രവർത്തിക്കുന്ന ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള രണ്ടു മുറികൾ ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹൈക്കോടതി രജിസ്ട്രാർക്ക് വിട്ടുനൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡി.സന്തോഷ്**
**ഡെപ്യൂട്ടി സെക്രട്ടറി**

To

1. രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി കൊച്ചി
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. നിയമ വകുപ്പ്
7. ധനകാര്യ വകുപ്പ്
8. ആഭ്യന്തര(സി) വകുപ്പ്
9. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ